# തൂലിക

Newsletter of
Jesus Youth
Dubai

Issue 529
29 June 2018
www.thoolikaa.net



## മദ്ധ്യസ്ഥ പ്രാർത്ഥന

“ദൈവമേ, എന്റെ നിലവിളി കേൾക്കണമേ!
എന്റെ പ്രാർത്ഥന ചെവികൊള്ളേണമേ!”

സങ്കീ. 61 : 1

ലക്കം 529
2018 ജൂൺ 29

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net

ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| കാർട്ടൂൺ | 05 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| അനുഭവ സാക്ഷ്യം | 07 |
| യൂകാറ്റ് കോർണർ | 08 |
| വാർത്ത | 09 |
| അറിയിപ്പുകൾ | 10 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 11 |




## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | നിഷ 056 4897592 |
| | ശനി 8:30 pm 9:30 pm |
| ബർദുബായ് | റോബിൻ 050 9528192 |
| | ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188 |
| | ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090 |
| | ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582 |
| | ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 055 2631672 |
| | ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 050 9197658 |
| | ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള 050 9414120 |
| | തിങ്കൾ 8:30 pm 09:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170 |
| | ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102 |
| | ഞായർ 8:30 pm 9:45 pm |
| സത്‌വ | തോമസ് 050 8761385 |
| | ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | |
| | ബിനീഷ് 055 7484850 |
| | ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | ഷോൺ 055 7135314 |
| | ചൊവ്വ 8:30 pm 10:00 pm |
| സിലിക്കോൺ ഒയാസിസ് | ജോർമ്മി 052 9783044 |
| | വ്യാഴം 10:00 pm 11:00 pm |

## മൊഴിമുത്തുകൾ

"നാം സ്വീകരിക്കുന്നതെന്തോ അതായി രൂപാന്തരപ്പെടുകയെന്നതല്ലാതെ ക്രിസ്തുവിന്റെ ശരീരരക്തങ്ങളിലുള്ള പങ്കുചേരലിന് മറ്റൊരു ലക്ഷ്യവുമില്ല."

വിശുദ്ധ ലേയോ മാർപാപ്പ (400-461)

# ഉയരട്ടെ കരങ്ങൾ ഉത്ഥിതനിലേയ്ക്ക്...

വിശുദ്ധ ബൈബിളിലൂടെ ഒരിക്കലെങ്കിലും സഞ്ചരിച്ചിട്ടുണ്ടെങ്കിൽ അതിൽ പലയിടങ്ങളിലും മറ്റുള്ളവർക്കുവേണ്ടി, ലാഭേച്ഛയില്ലാതെ ദൈവത്തോട് പ്രാർത്ഥിക്കുന്ന അനേകം അഭിഷക്തരേയും വിശുദ്ധരേയും നാം കണ്ടിട്ടുണ്ടാവാം. ജനത്തിനു വേണ്ടി പ്രാർത്ഥിച്ച എസക്കിയേൽ പ്രവാചകൻ, ഇസ്രായേലിനുവേണ്ടി പ്രാർത്ഥിച്ച മോശയും ദാവീദും മറ്റനേകം പ്രവാചകന്മാരും, സ്വന്തം ദാസന്മാർക്കായ് പ്രാർത്ഥിച്ച ജോബ്, സഭാനേതാക്കന്മാർക്കായ് നിരന്തരം പ്രാർത്ഥിക്കുന്ന വിശുദ്ധ പത്രോസും പൗലോസും മറ്റനേകം വിശുദ്ധരും... അങ്ങനെ എത്രയോ വിശുദ്ധരുടേയും രക്തസാക്ഷികളുടേയും പുണ്യപാവനമായ പാരമ്പര്യത്തിൽ അധിഷ്ഠിതമായ സഭയിലെ മക്കളായ നമുക്കും മറ്റുള്ളവർക്കായി പ്രാർത്ഥിക്കാൻ കടമയുണ്ട്.

പ്രിയപ്പെട്ടവരെ, നമ്മുടെയെല്ലാം വാട്ട്സാപ്പിൽ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി ഒരു ഗ്രൂപ്പുണ്ടാകും. നമ്മുടെ വേദനകളും ആവശ്യങ്ങളുമെല്ലാം നാം അതിൽ ഇടാറുമുണ്ട്. അനേകർ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ജപമാലകൾ, വിശുദ്ധ കുർബാന, ഉപവാസം എന്നിങ്ങനെ നമ്മുടെ ഓരോ നിയോഗങ്ങൾക്കു വേണ്ടിയും ധാരാളം പുണ്യ പ്യവർത്തികൾ നമ്മളുമായി യാതൊരു പരിചയവുമില്ലാത്തവർ പോലും നമുക്കു വേണ്ടി ചെയ്യാറുണ്ട്. പലപ്പോഴും നമ്മുടെ ജീവിതത്തിലുണ്ടായ സഹനങ്ങളുടെ കഴിഞ്ഞു പോയ നാളുകൾ പരിശോധിക്കുമ്പോൾ ഒരു കാര്യം മനസ്സിലാകും. ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ട നമുക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിച്ചത്. ആ സമയങ്ങളിലൊക്കെ നിരാശരാകാതെ നമ്മെ പിടിച്ചു നിറുത്തിയ ഒരു ബലമുണ്ട്. അതാണ് കൈകൾ വിരിച്ച് നമ്മുടെ നിയോഗങ്ങളെ സ്വന്തം നിയോഗങ്ങളായി കണ്ട് ത്യാഗങ്ങളെടുത്ത് പ്രാർത്ഥിച്ച മദ്ധ്യസ്ഥ പ്രാർത്ഥനാ കൂട്ടായ്മ.

നമുക്കായ് ദൈവസന്നിധിയിലേയ്ക്ക് ഉയരുന്ന കരങ്ങളിലാണ് നമ്മുടെ ഊർജ്ജം നിലകൊള്ളുന്നത്. നാം മറ്റുള്ളവർക്കായി പ്രാർത്ഥിക്കുന്ന സമയത്തിനാണ് ദൈവം നമുക്ക് വില നൽകുക. സ്വന്തം സഹോദരങ്ങൾക്കായി നാം പ്രാർത്ഥിക്കാൻ ഓരോ തവണ കരങ്ങളുയർത്തുമ്പോഴും സ്വർഗ്ഗത്തിലേയ്ക്കുള്ള നമ്മുടെ ദൂരം അത്രയും ലഘൂകരിക്കപ്പെടും. തന്നെ കുരിശിലേറ്റിയ ശത്രുക്കൾക്കുവേണ്ടി പോലും പ്രാർത്ഥിച്ച ഉത്ഥിനായ യേശുവാണ് നമ്മുടെ മാതൃക. ഉയരട്ടെ നമ്മുടെ കരങ്ങൾ ഉത്ഥിതനിലേയ്ക്ക്.

സ്നേഹപൂർവ്വം,

മാത്യു ഈപ്പൻ

എഡിറ്റർ

അജോ പുതുമന



# മദ്ധ്യസ്ഥ പ്രാർത്ഥന

നാം അനേകർക്ക് വേണ്ടി പലപ്പോഴായി പ്രാർത്ഥിച്ചിട്ടുള്ളവരാണ്. നമ്മുടെ അനേകം പ്രാർത്ഥനകൾക്ക് ദൈവം ഉത്തരം നൽകിയിട്ടുമുണ്ട്. ചിലപ്പോഴെങ്കിലും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാതെയും വന്നിട്ടുണ്ടാകാം. ആർക്കാണ് ദൈവസന്നിധിയിൽ മദ്ധ്യസ്ഥത യാചിക്കാൻ യോഗ്യതയുള്ളത്.

ലൂക്കാ സുവിശേഷകൻ യേശു ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്ന സംഭവം മനോഹരമായി വിവരിക്കുന്നുണ്ട്. അതിൽ മദ്ധ്യസ്ഥ പ്രാർത്ഥന ചെയ്യുന്ന ആൾക്ക് വേണ്ട യോഗ്യതകൾ വ്യക്തമാക്കിത്തരുന്നുണ്ട്. യഹൂദ പ്രമാണികൾ യേശുവിനെ സമീപിച്ചു പറഞ്ഞു, നീ ഇത് ചെയ്തുകൊടുക്കുവാൻ അവൻ അർഹനാണ്, കാര ണം അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു. നമുക്ക് വേണ്ടി ഒരു സിനഗോഗ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. അതായത് തിരുസഭയെ സ്നേഹിക്കുകയും സഭ പടുത്തുയർത്തുവാനായി പരിശ്രമിക്കുകയും ചെയ്യുന്ന ആർക്കും ദൈവസന്നിധിയിൽ മദ്ധ്യസ്ഥം യാചിക്കുവാനുള്ള യോഗ്യതയുണ്ട്. തുടർന്ന് നാം കാണുന്നത് തന്റെ അയോഗ്യത ഏറ്റുപറയുന്ന ശതാധിപനെയാണ്. ശതാധിപന്റെ എളിമയും വിശ്വാസവും കണ്ട് ഈശോ പറയുന്നുണ്ട്, ഇസ്രോയേലിൽ പോലും ഇതുപോലൊരു വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്ന്. മദ്ധ്യസ്ഥം യാചിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതകളാണ് ആഴമേറിയ വിശ്വാസവും ദൈവത്തിലുള്ള എളിമയും ജോബിന്റെ പുസ്തകത്തിൽ നാം കാണുന്നു, ജോബ് തന്റെ സ്നേഹിതൻമാർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ അവനുണ്ടായിരുന്ന ഐശ്വര്യം കർത്താവ് തിരികെ കൊടുത്തു. മറ്റുള്ളവർക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനകൾ ദൈവം എത്രയോ വിലമതിക്കുന്നു. അല്ലെങ്കിൽ നാം മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ അതിനു ദൈവം എത്ര വലിയ സമ്മാനമാണ് തരുന്നതെന്ന് ഇതിലൂടെ നമുക്ക് വ്യക്തമാകുന്നു.



സോദം- ഗമോറയും നശിപ്പിക്കുന്നതിന് മുമ്പ് ദൈവം അബ്രാഹവുമായി നടത്തിയ സംഭാഷണവും ഇവിടെ പ്രസക്തമാണ്. അബ്രാഹം ദൈവത്തോട് ചോദിക്കുന്നു, അമ്പതു നീതിമാന്മാർ ഉണ്ടോങ്കിൽ നീ ഈ പട്ടണം നശിപ്പിക്കുമോ? തുടർന്ന് ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയോടെ ദൈവസന്നിധിയിൽ ആ പട്ടണത്തിനു വേണ്ടി വാദിക്കുന്ന അബ്രാഹത്തെയാണ് നാം കാണുന്നത്. ഏലിയായുടെ പ്രാർത്ഥന കേട്ട് 3വർഷവും 6മാസവും മഴ പെയ്യാതിരുന്നും വീണ്ടും ഏലിയ പ്രാർത്ഥിച്ചതനുസരിച്ച് മഴ പെയ്തതുമായ സംഭവം രാജാക്കന്മാരുടെ പുസ്തകത്തിൽ വായിക്കുന്നുണ്ട്. അവിടെ ഏലിയ ഒരു സാധാരണ മനുഷ്യൻ ആയിരുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്. അതായത്, മദ്ധ്യസ്ഥ പ്രാർത്ഥന ഒരു പ്രത്യേക വിഭാഗം

ആളുകൾക്ക് മാത്രമായി മാറ്റിനിർത്തിയിട്ടുള്ളതല്ല, ഏതൊരാൾക്കും ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം നേടാനുള്ള അവകാശവും കടമയും ഉണ്ട്.

സീയോൻ പുത്രി, കർത്താവിനോട് ഉറക്കെ നിലവിളിക്കുക. രാവും പകലും മഹാപ്രവാഹം പോലെ കണ്ണുനീർ ഒഴുകട്ടെ. നീ വിശ്രമിക്കരുത്. കണ്ണുകൾക്ക് വിശ്രമം നൽകരുത്. രാത്രിയിൽ യാമങ്ങളുടെ ആരംഭത്തിൽ എഴുന്നേറ്റ് ഉറക്കെ നിലവിളിക്കുക. കർത്താവിന്റെ സന്നിധിയിൽ ജലധാര പോലെ നിന്റെ ഹൃദയത്തെ ചൊരിയുക. നാൽക്കവലകളിൽ വിശന്നു തളർന്നു വീഴുന്ന നിന്റെ മക്കളുടെ ജീവനുവേണ്ടി നീ അവിടുത്തെ സന്നിധിയിലേക്കു കൈകളുയർത്തുക. വിലാപങ്ങൾ2: 18-19 നമുക്ക് ചുറ്റും വേദനിക്കുന്നവർക്കു വേണ്ടി പീഡിപ്പിക്കപ്പെടുന്നവർക്കു വേണ്ടിയും കർത്തൃസന്നിധിയൽ കരങ്ങൾ ഉയർത്താൻ വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും.

ദൈവത്തിന്റെ തീരുമാനത്തെപ്പോലും മാറ്റിമറിക്കാൻമാത്രം ശക്തമാണ് മധ്യസ്ഥ പ്രാർത്ഥന ഉറച്ച വിശ്വാസത്തോടും ആത്മാർത്ഥതയോടുംകൂടെ പ്രാർത്ഥിക്കുന്ന ഒരു ഹൃദയത്തെ തള്ളിക്കളയാൻ ദൈവത്തിനു സാധിക്കുകയില്ല. ക്രിസ്തീയ ആത്മീയതയുടെ പൂർണ്ണത മദ്ധ്യസ്ഥ പ്രാർത്ഥനയിൽ നമുക്ക് ദർശിക്കാൻ സാധിക്കും. അതായത് പത്തുകല്പനകളുടെ സംഗ്രഹമായ എല്ലാത്തിലും ഉപരിയായി ദൈവത്തെ സ്നേ ഹിക്കുക, തന്നെപ്പോലെ തന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നതിന്റെ പ്രയോഗിക രീതിയാണ് മദ്ധ്യസ്ഥ പ്രാർത്ഥന.

ഇത് ത്യാഗോത്മകമായ ഒരു പ്രാർത്ഥനയാണ്. സ്വന്തം ഇഷ്ടത്തേക്കാളേറെ മറ്റുള്ളവരുടെ ഇഷ്ടം തേടുന്ന പ്രാർത്ഥന. എന്നിലെ അഹകാരത്തിൻമേലെ എളിമ വിജ യം വരി

തുടർച്ച... പേജ് 8

## കാർട്ടൂൺ



## ബ്രിട്ടനിലെ വി.ഐവോ (1253-1303)

**ഫ്രാസിസ്കൻ മൂന്നാം സഭാംഗം**



1253-ൽ ബ്രിട്ടനിലാണ് ഐവോ ജനിച്ചത്. മാതാപിതാക്കൾ കുലീനരായിരുന്നു. പാരീസിലും ഓർലിയൻസിലും വിദ്യാഭ്യാസം നടത്തിയ കാലത്ത് നിരവധി അപകടസാഹചര്യങ്ങൾ ഉണ്ടായെങ്കിലും അമ്മ നൽകിയ ക്രിസ്തീയ ശിക്ഷണം വഴി അവയെല്ലാം അതിജീവിക്കാൻ ഐവോക്കു സാധിച്ചു. ഏവരേയും വിസ്മയിപ്പിക്കത്തക്ക പഠനപാടവമുണ്ടായിരുന്നു. ദൈവശാസ്ത്രത്തോടൊപ്പം നിയമശാസ്ത്രവും പഠിച്ചു.

ദിവ്യകാരുണ്യത്തോടു വലിയ ഭക്തി പ്രകടിപ്പിച്ചിരുന്നു. അനുദിനം ദിവ്യബലിയിൽ പങ്കെടുക്കുകയും ദിവ്യകാരുണ്യസന്നിധിയിൽ സായാഹ്ന പ്രാർത്ഥന നടത്തുകയും പതിവാക്കി. പാഠപുസ്തകങ്ങളും ഒപ്പം വിശുദ്ധരുടെ ചരിത്രങ്ങളും വായിക്കുന്നതിൽ ഉത്സുകനായിരുന്നു. പഠനം പൂർത്തിയായപ്പോൾ റെന്നസ് രൂപതയിൽ ശുശ്രൂഷചെയ്തു. പിന്നീട് ട്രെഗ്വിയേർ രൂപതയിൽ സഭാകോടതി ജഡ്ജിയായി മെത്രാൻ നിയോഗിച്ചു. താമസിയാതെ വൈദീകപട്ടം സ്വീകരിച്ചു ഇടവകശുശ്രൂഷാഭാരമേറ്റു. പക്ഷപാതമോ വ്യക്തിപരിഗണനയോ കൂടാതെ നീതിപൂർവ്വം വിധിപ്രസ്താവനകൾ നടത്തിയിരുന്നു.

പ്രാർത്ഥനാ ചൈതന്യം, ദിവ്യകാരുണ്യഭക്തി, പരിശുദ്ധാത്മഭക്തി എന്നിവ അദ്ദേഹത്തിന്റെ പ്രവർത്തനവിജയത്തിന്റെ രഹസ്യങ്ങളായിരുന്നു. ഇടവക ജോലികളിൽ വ്യാപൃതനാകാനും, ദിവ്യകാരുണ്യനാഥനെ പ്പോലെ വിശ്വാസികൾക്കു മുഴുവൻ സമയവും സംലഭ്യമാകാനും വേണ്ടി ഉന്നതപദവികളെല്ലാം ത്യജിച്ചു, ഇടയനും പിതാവുമെന്നനിലയിൽ തീക്ഷ്ണതാപൂർവ്വം വർത്തിച്ച് അധാർമ്മികത, അന്യായപ്പലിശ തുടങ്ങിയ ദീർഘകാല തിന്മകൾ ഇല്ലായ്മ ചെയ്തു. ദരിദ്രരിലും, കുരുടരിലും, മുടന്തരിലും, നിസ്സഹായരിലുമൊക്കെ ഈശോയെക്കണ്ട് അവർക്കായി സദാ തന്റെ ഭവനം തുറന്നിട്ടിരുന്നു. നാട്ടിലെ പട്ടിണിയുടെ സന്ദർഭത്തിൽ അത്ഭുതപ്രവർത്തനം വഴി ജനങ്ങളെ സഹായിക്കാൻ ദൈവം ഇടയാക്കി. ഏഴു റൊട്ടികൾകൊണ്ട് ഇരുന്നൂറു പേരെയും ഒരു ചെറിയ റൊട്ടികൊണ്ട് ഇരുപത്തിനാലു പേരെയും സംതൃപ്തരാക്കി.

ഗൗരവമേറിയ കാര്യങ്ങളിൽ തീരുമാനമെടുത്തിരുന്നത് പരിശുദ്ധാത്മാവിന്റെ സ്തുതിക്കായി വി.കുർബ്ബാനയർപ്പിച്ചു കൊണ്ടായിരുന്നു. ദൈവഹിതത്തിനു വിരുദ്ധമായി ഒന്നും തന്നിലൂടെ സംഭവിക്കരുതെന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. അധികാരവിധേയത്വത്തിൽ ശക്തിയും സംരക്ഷണവും കണ്ടെത്തി. മറ്റുള്ളവരുടെ ആവശ്യം കണ്ടറിഞ്ഞ് ഉപകാരം ചെയ്തു.

തുടർച്ച... പേജ് 8

അനിൽ പോൾ



# ദൈവത്തെ കണ്ടുമുട്ടുക അനുഭവിക്കുക



ജീവിതത്തിലെ ഏറ്റവും വലിയനേട്ടമെന്താണ് എന്ന് കുറച്ചുകാലം മുമ്പ് ആരെങ്കിലും ചോദിച്ചിരുന്നെങ്കിൽ എനിക്ക് അറിയില്ല എന്നായിരുന്നു ഉത്തരം. പക്ഷേ ഇന്നെനിക്ക് അതിനൊരുത്തരമേയുള്ളൂ- ദൈവത്തെ കണ്ടുമുട്ടുക-അനുഭവിക്കുക-അതനുസരിച്ച് ജീവിതം ക്രമീകരിക്കുക.

എഞ്ചിനീയറിങ്ങിനു ശേഷം, വീട്ടുകാരുടെ എതിർപ്പ് അവഗണിച്ച്. സ്വന്തമായി ഒരു സ്റ്റാർട്ടപ്പ് ആരംഭിച്ചു. തുടക്കത്തിൽ നന്നായി മുമ്പോട്ടുപോയെങ്കിലും പ്രതീക്ഷിക്കാത്ത പ്രതിസന്ധികൾ നേരിടേണ്ടി വന്നു. ഞായറാഴ്ചകളിൽ പള്ളിയിൽ പോയിരുന്നതുകൊണ്ടും എല്ലാവിധ ലഹരിവസ്തുക്കളോടും ശത്രുത ഉണ്ടായിരുന്നതുകൊണ്ടും എന്റേത് ക്രിസ്തീയജീവിതമാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. മാനസികമായി ആകെത്തകർന്ന അവസ്ഥയിലായിരുന്നു ഞാൻ. കുറ്റപ്പെടുത്തലുകൾ-സഹതാപപ്രകടനങ്ങൾ-നിരാശയുടെയും ഒറ്റപ്പെടലിന്റെയും ഇരുട്ടിലേക്കെന്നെ തള്ളിയിട്ടു. ഈ സാഹചര്യത്തിലാണ് റൂംമേറ്റായ ജോൺചേട്ടൻ എന്നെ ജീസസ് യൂത്ത് കൂട്ടായ്മയിലേക്ക് കൊണ്ടുവന്നത്.

LSS ക്ലാസുകൾ ശരിക്കും മരുഭൂമിയിൽ ദാഹിച്ചു വലഞ്ഞിരുന്ന എനിക്ക് ദൈവമൊരുക്കിയ ആത്മീയജലമായിരുന്നു. എന്നാൽ പന്ത്രണ്ടു വർഷം വേദപാഠം പഠിച്ചിട്ടും പള്ളിയിൽ പോയിട്ടും കിട്ടാതിരുന്ന ബോധ്യങ്ങൾ 10 ആഴ്ചത്തെ ക്ലാസ്സുകൾ കൊണ്ട് കിട്ടുമെന്ന് വലിയ പ്രതീക്ഷയൊന്നും എനിക്കില്ലായിരുന്നു. അതുകൊണ്ട് ഞാൻ LSS ക്ലാസ്സുകളിൽ പങ്കെടുത്തത് ഒരു ഒഴുക്കൻ മട്ടിലായിരുന്നു. പക്ഷേ, റാസൽഖൈമയിൽ വച്ചുനടന്ന ഫിലിപ്പ് കോഴ്സ് പാപത്തെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകൾ മാറ്റിമറിച്ചു. ദൈവവുമായും മനുഷ്യരുമായും എനിക്കുള്ള അകൽച്ചകളാണ് ഒരു പാപിയുടെ ഒന്നാമത്തെ ലക്ഷണമെന്ന തിരിച്ചറിവ് എന്നെ ഞെട്ടിച്ചുകളഞ്ഞു. അങ്ങനെ സ്വയം വിശുദ്ധനാണെന്നു കരുതിയ ഞാൻ പല കാര്യങ്ങളിലും ബന്ധനസ്ഥനാണ് എന്ന ബോധ്യമുണ്ടായി.

പോൾ കോഴ്സിലൂടെ കടന്നുപോയതിനു ശേഷം ഞാൻ എല്ലാദിവസവും രാവിലെ ബൈബിൾ വായിക്കാൻ തുടങ്ങി. സ്തുതിയുടെയും കൃതജ്ഞതയുടെയും ജീവിതശൈലി പ്രായോഗികമാക്കിയപ്പോൾ പരിശുദ്ധാത്മാവ് എന്നിൽ പ്രവർത്തിക്കുന്നത് ഞാൻ അനുഭവിച്ചറിയുന്നു. മാറ്റങ്ങൾക്കുവിധേയമാകുന്ന നമുക്കും നമ്മുടെ ബന്ധങ്ങൾക്കും സമ്പത്തിനും ജോലിക്കും ഉപരി അചഞ്ചലനും സ്നേഹസ്വരൂപനുമായ ദൈവത്തിനുമാത്രം ജീവിതത്തിൽ ഒന്നാംസ്ഥാനം നൽകുകയെന്ന വെല്ലുവിളിയെറ്റെടുക്കാൻ ജീസസ് യൂത്ത് ജീവിതശൈലി എന്നെ ശക്തനാക്കുന്നു.യേശുവിന്റെ എളിയദാസനാക്കി എന്നെ ആനന്ദത്തിലേക്ക് നയിക്കുന്നു.

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**238. ഒരു വൈദികന് കുമ്പസാരത്തിൽ നിന്നു മനസ്സിലാക്കിയ കാര്യം പിന്നീട് ആവർത്തിക്കാൻ പാടുണ്ടോ?**

ഇല്ല. ഒരു സാഹചര്യത്തിലും പാടില്ല. കുമ്പസാരത്തിന്റെ രഹസ്യം വ്യവസ്ഥാതീതമാണ്. കുമ്പസാരക്കൂട്ടിൽ വച്ചു മനസ്സിലാക്കിയ എന്തെങ്കിലും വിവരം മറ്റൊരു വ്യക്തിയോടു പറയുന്ന വൈദികൻ സഭാഭ്രഷ്ടനാക്കപ്പെടും. പോലീസിനോടുപോലും ഒരു വൈദികന് എന്തെങ്കിലും പറയാനോ സൂചിപ്പിക്കാനോ പാടില്ല. (1467)

കുമ്പസാര രഹസ്യമുദ്രയേക്കാൾ കൂടുതൽ ഗൗരവപൂർവ്വം ഒരു വൈദികൻ കരുതുന്ന മറ്റൊന്നും തന്നെയില്ല. അതിനുവേണ്ടി പീഡനം സഹിച്ചിട്ടുള്ള വൈദികരുണ്ട്. അതുകൊണ്ട് വൈദികനോട് നിങ്ങൾക്ക് വ്യക്തമായി തുറന്നു സംസാരിക്കാം വലിയ മനഃസമാധാനത്തോടെ വിശ്വസിക്കുകയും ചെയ്യാം. എന്തെന്നാൽ, അദ്ദേഹത്തിന്റെ ഏക ദൗത്യം പൂർണ്ണമായി "ദൈവത്തിന്റെ ചെവി" ആയിരിക്കുകയെന്നതാണ്.

## ലേഖനം... തുടർച്ച

ക്കുന്ന നിമിഷങ്ങളാണ് മദ്ധ്യസ്ഥ പ്രാർത്ഥനയുടെ സമയം. ആത്മീയതയുടെ വളർച്ചയുടെ ഒരു അളവുകോലായി നമുക്ക് ഇതിനെ കണക്കാക്കാൻ സാധിക്കും. ഞാനും ദൈവവുമായുള്ള ബന്ധത്തിൽ എന്നെ ഒത്തിരിയേറെ സഹായിക്കുന്ന ഒന്നാണ് മദ്ധ്യസ്ഥ പ്രാർത്ഥന.

"എന്റെ ദൈവമായ കർത്താവേ, അങ്ങയുടെ ദാസന്റെ യാചനകളും പ്രാർത്ഥനകളും ശ്രവിക്കണമേ! അങ്ങയുടെ ദാസൻ ഇന്നു തിരുമുമ്പിൽ സമർപ്പിക്കുന്ന അർഥനകളും നിലവിളിയും കേൾക്കണമേ!" 1രാജാക്കൻമാർ 8 :28

"ദൈവമേ എന്റെ നിലവിളി കേൾക്കണമേ! എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ!" സങ്കീർത്തനങ്ങൾ 61:1

## വിശുദ്ധരുടെ ജീവിതങ്ങൾ... തുടർച്ച

പകർച്ചവ്യാധിക്കാരെ പരിചരിച്ചു ആയുസ്സും അറിവുമെല്ലാം ജനങ്ങൾക്കുവേണ്ടി വ്യയംചെയ്തു. അദ്ധ്വാനവും കർക്കശ ജീവിതവും ഐവോയെ വിവശനാക്കി.

അന്ത്യമായെന്നു ബോധപ്പെട്ട ഐവോ ഭക്തിപൂർവ്വം വി.കുർബ്ബാനയും രോഗീലേപനവും സ്വീകരിച്ചു. 1303-മെയ് 19-ന് പ്രസന്ന വദനനായി മരണം വരിച്ചു. മരണശേഷം നിരവധി അത്ഭുതങ്ങൾ നടന്നു. 6-ാം ക്ലമന്റു പാപ്പാ ഐവോയെ വിശുദ്ധനായി പ്രഖ്യാപിച്ചു. വിജ്ഞാനവും പദവികളും ജനോപകാരപ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ ഐവോ നമുക്കു പ്രേരണനല്കുന്നു.

# വിശ്വാസത്തെ മുറുകെപ്പിടിച്ചേ മതിയാകൂ...

കെയ്റോ: “ഹൃദയവേദനയുണ്ടെങ്കിലും അമ്മ ഒരു രക്തസാക്ഷിയാണെന്നതിൽ ഞാൻ സന്തോഷിക്കുന്നു. എനിക്ക് ഒരു തീവ്രവാദിയേയും ഭയമില്ല. അമ്മയെ പ്രത്യേകമായി തിരഞ്ഞെടുത്ത് സ്വർഗ്ഗത്തിൽ കൊണ്ടുപോകണമെന്നത് ദൈവഹിതമായിരുന്നു. ഭയപ്പെടരുതെന്നാണ് വെടിയേറ്റ് രക്തത്തിൽ കുളിച്ചുകിടന്നിരുന്ന അമ്മ എന്നോട് പറഞ്ഞത്”; ക്രിസ്തുസാക്ഷ്യമേകിയതിന് കൺമുമ്പിൽ വെച്ച് സ്വന്തം അമ്മ വധിക്കപ്പെട്ടിട്ടും വിശ്വാസത്തിൽ അടിയുറച്ചുനിന്ന നെസ്മ വെയ്ൽ എന്ന പതിമൂന്നുകാരിയുടെ വാക്കുകളാണിത്. കെയ്റോയുടെ തെക്കുഭാഗത്തുള്ള സെന്റ് മിനാ കോപ്റ്റിക് ഓർത്തഡോക്സ് ദൈവാലയത്തിലെ ദിവ്യബലിക്ക് ശേഷം മടങ്ങവെയാണ് നെസ്മയുടെ അമ്മ നെർമീൻ സാദിഖിന് വെടിയേറ്റത്. നെർമീൻ ഉൾപ്പടെ 9 പേരാണ് അന്ന് രക്തസാക്ഷികളായത്. ‘എയ്ഡ് ടു ദ ചർച്ച് ഇൻ നീഡിന്’ നൽകിയ അഭിമുഖത്തിലാണ് അവൾ തന്റെ വിശ്വാസ സാക്ഷ്യം പ്രഘോഷിച്ചത്.

2017 ഡിസംബർ 29 നായിരുന്നു ആ ദുരന്തം. ദിവ്യബലിക്കുശേഷം എന്റെ അമ്മയ്ക്കും കസിനുമൊപ്പം ഞാൻ ദൈവാലയത്തിന്റെ പുറത്തേക്കിറങ്ങി. അമ്മ കഴുത്തിലൊരു കുരിശ് ധരിച്ചിരുന്നു. ഞങ്ങൾ മൂന്നുപേരും മൂടുപടം ധരിച്ചിരുന്നില്ല. ക്രിസ്ത്യൻ സ്ത്രീകളിൽനിന്നും തങ്ങളെ വേർതിരിച്ചറിയാൻ മുസ്ലീം സ്ത്രീകൾ മൂടുപടം ധരിക്കുക പതിവാണ്. ഞങ്ങൾ ഒരു വശത്തെ തെരുവിലേക്ക് തിരിഞ്ഞപ്പോഴാണ് ദൈവാലയത്തിന് നേരെ മോട്ടോർ സൈക്കിളിൽ വരുന്ന ഒരാളെ കണ്ടത്. കുഴിയിൽ വീണതിനെ തുടർന്ന് മോട്ടോർ സൈക്കിൾ മറിഞ്ഞത് കണ്ടപ്പോൾ എന്റെ അമ്മ അയാളെ സഹായിക്കാനായി ഓടിയടുത്തു. അയാൾക്കൊന്നും സംഭവിച്ചില്ലെന്ന് ഉറപ്പിക്കാനായി യേശുക്രിസ്തുവിന്റെ നാമത്തിൽ താങ്കൾക്ക് കുഴപ്പമൊന്നുമില്ലല്ലോ എന്ന് അമ്മ ചോദിച്ചു. ഇത് കേട്ടപാതി തന്റെ കോട്ടിൽനിന്ന് വലിച്ചെടുത്ത ഓട്ടോമാറ്റിക് തോക്ക് അയാൾ ഞങ്ങൾക്കുനേരെ ചൂണ്ടി. തോക്ക് കണ്ടയുടൻ ഞാനും കസിനും അമ്മയുടെ പിന്നിലൊളിച്ചു. ഞങ്ങളോട് അകലേക്കോടാൻ അയാൾ അലറിക്കൊണ്ട് ആവശ്യപ്പെട്ടു. ഞങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കവെ അമ്മയുടെ കൈകൾക്കാണ് ആദ്യം വെടിയേറ്റത്. ഞങ്ങളോടിയപ്പോൾ അമ്മ താഴെ വീണു. അമ്മയ്ക്ക് ഞങ്ങൾക്കൊപ്പം രക്ഷപ്പെടാനായില്ല. ഒരു ചെറിയ സൂപ്പർ മാർക്കറ്റിലേക്കാണ് ഞങ്ങൾ ഓടിക്കയറിയത്. അവിടുത്തെ സെയിൽസ് ഗേൾസ് റഫ്രിജറേറ്ററിന് പിന്നിൽ ഞങ്ങളെ ഒളിപ്പിച്ചു. തീവ്രവാദികൾ ഞങ്ങൾക്കായി തിരയുന്നത് അവിടെയിരുന്ന് ഞങ്ങൾ കണ്ടു. ഞങ്ങളെ കണ്ടെത്താൻ കഴിയാതായപ്പോൾ അയാൾ അമ്മയ്ക്ക് നേരെ വീണ്ടും വെടിയുതിർത്തു.

നിമിഷങ്ങൾക്കകമാണ് ഇതെല്ലാം സംഭവിച്ചത്. അയാൾ പോയിക്കഴിഞ്ഞപ്പോൾ ഞങ്ങൾ അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു. അപ്പോഴേക്കും അമ്മയ്ക്കുചുറ്റും വളരെയധികം ആളുകൾ കൂടിയിരുന്നു. മരിച്ചിരുന്നില്ലെങ്കിലും അമ്മയെ തൊടാനും അവളെ തിരിച്ചുകിടത്താനും അവരെന്നെ അനുവദിച്ചില്ല. ആരെങ്കിലും സഹായിക്കണമേ എന്നപേക്ഷിച്ച് ഞാൻ നിലവിളിച്ചു. പക്ഷെ ആരും സഹായിച്ചില്ല. തുടർന്ന് ഞാനെന്റെ അങ്കിളിനടുത്തേക്ക് ഓടി. സംഭവമറിഞ്ഞ് അദ്ദേഹം പെട്ടെന്ന് സ്ഥലത്തെത്തി.

തുടർച്ച... പേജ് 10

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുന്നതാണ്. (താല്പര്യമുള്ള ആർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്).

## കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസട്രിയോട് ഒന്നുചേർന്ന് നമുക്ക് പ്രവർത്തിക്കാം.. Contact : 056 789 3331, 055 741 2253

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

**ഇ-മെയിൽ**

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് : info@thoolikaa.net എന്നതിലേക്ക് അയക്കുക.

## വാർത്തകൾ... തുടർച്ച

മരിച്ച എന്റെ അമ്മയെ അവർ ആംബുലൻസിലേക്ക് മാറ്റി. ഇന്ന് ഞാൻ ഒറ്റയ്ക്ക് തെരുവിലൂടെ നടക്കാറില്ല. എല്ലായിടത്തും പിതാവിനൊപ്പം മാത്രമേ പോകാറുള്ളൂ. ഹൃദയത്തിൽ വേദനയുണ്ടെങ്കിലും അവൾ ഒരു രക്തസാക്ഷിയാണെന്നതിൽ ഞാൻ സന്തോഷിക്കുന്നു. മേലിൽ എനിക്ക് ഒരു തീവ്രവാദിയേയും ഭയമില്ല. ആക്രമണ സമയത്ത് അമ്മയ്ക്കൊപ്പം ഉണ്ടായിരുന്നെങ്കിലും എനിക്ക് പരുക്ക് പറ്റിയില്ല. അമ്മയെ പ്രത്യേകമായി തിരഞ്ഞെടുത്ത് സ്വർഗ്ഗത്തിൽ കൊണ്ടുപോകണമെന്നത് ദൈവഹിതമായിരുന്നു. എനിക്കൊരിക്കലും എന്റെ രാജ്യത്തെ ഉപേക്ഷിക്കണമെന്നില്ല. എന്റെ മുപ്പത്തഞ്ചുവയസുള്ള പിതാവ് ഡ്രൈവറാണ്. കെയ്റോ കിഡ്നി സെന്ററിൽ നഴ്സായിരുന്നു എന്റെ അമ്മ. എന്റെ അമ്മ സ്വപ്നം കണ്ടതുപോലെ ഒരു നെഫ്രോളജി ഡോക്ടറാകാൻ കഴിയുമെന്നാണ് എന്റെ പ്രത്യാശ. ഇതാണ് ലോകമെങ്ങും പീഢിപ്പിക്കപ്പെടുന്ന എല്ലാവരോടുമുള്ള എന്റെ സന്ദേശം. ഭയപ്പെടേണ്ട നമ്മുടെ ജീവിതങ്ങൾ കർത്താവിന്റെ കരങ്ങളിലാണ്. നാം വിശ്വാസത്തെ മുറുകിപ്പിടിച്ചേ മതിയാകൂ. നെസ്മ പറഞ്ഞുനിർത്തി.

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കോർഡിനേറ്റേഴ്സ്

ഫാമിലി - **സെബാസ്റ്റ്യൻ ജോൺ - 050 3986934**

ഫോർമേഷൻ -**റോജി 055 6519401**

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

*"യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്.*
*എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല."*

*യോഹ 14 : 06*




FOR PRIVATE CIRCULATION (WITH IN CHURCH COMPOUND) ONLY

Jesus Youth DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Joby Joseph for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Sebastian Dcruz
**Editor** : Mathew Eappen **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net